"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് ജീവനക്കാരുടെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നത് - അനുമതി നൽകി ഉത്തരവാകുന്നു.

---

**നികുതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.271/2024/TAXES തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-

1. 24.11.2022 ലെ സ.ഉ.(സാധാ) നം. 911/2022/നികുതി.
2. 30.12.2022 ലെ സ.ഉ.(സാധാ) നം.1007/2022/നികുതി.
3. ശ്രീ.സുനിൽ കുമാർ വി, 30.10.2023 ൽ സമർപ്പിച്ച അപേക്ഷ.

4 ശ്രീ.ഷാംകുമാർ വി ആർ, 08.11.2023 ൽ സമർപ്പിച്ച അപേക്ഷ.

5 കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 28.10.2023 ലെ A-9/392/2023 നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം.

6 കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 04.11.2023 ലെ A-9/423/2023 നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം.

7 കെ.എസ്റ്റ്.ബി.സി ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 15.02.2024 ലെ 8919/AS2/EXT/KSBC/ 2023 നമ്പർ കത്ത്.

**ഉത്തരവ്**

കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിലെ വർക്ക്ഷോപ്പ് ഹെൽപ്പർ ശ്രീ.സുനിൽ കുമാർ വി, യെ പരാമർശം (1) പ്രകാരവും, എൽ എം വി ഡ്രൈവർ ശ്രീ.ഷാംകുമാർ വി ആർ -നെ പരാമർശം (2) പ്രകാരവും കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ തൃശ്ശൂർ ജില്ലയിലുള്ള ഔട്ട് ലെറ്റുകളിൽ ഷോപ്പ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത അന്യത്ര സേവനം ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് എന്ന് ശ്രീ.സുനിൽ കുമാർ വി പരാമർശം (3) പ്രകാരവും ശ്രീ.ഷാംകുമാർ വി.ആർ പരാമർശം (4) പ്രകാരവും അപേക്ഷിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥരുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നതിന് മാതൃസ്ഥാപനമായ കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ പരാമർശം (5) (6) എന്നിവ പ്രകാരം നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ നൽകിയിട്ടുണ്ട്. ടിയാൻമാരുടെ അന്യത്ര സേവന കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (7) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിലെ വർക്ക്ഷോപ്പ് ഹെൽപ്പർ ശ്രീ.സുനിൽ കുമാർ വി, എൽ എം വി ഡ്രൈവർ ശ്രീ.ഷാംകുമാർ വി ആർ എന്നീ ജീവനക്കാരുടെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ തൃശ്ശൂർ ജില്ലയിലുള്ള ഔട്ട് ലെറ്റുകളിലെ, ഷോപ്പ് അറ്റൻഡന്റ് തസ്തികയിലെ അന്യത്ര സേവന കാലാവധി യഥാക്രമം 21.12.2023, 16.01.2024 തീയ്യതികൾ മുതൽ ഒരു വർഷത്തേയ്ക്കോ PSC നിയമനം നടക്കുന്നതവരെയോ എതാണോ ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതിന് ബിവറേജസ് കോർപറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഒരു വർഷം തികയുന്ന / PSC നിയമനം നടക്കുന്ന മുറയ്ക്ക് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ടി ജീവനക്കാർക്ക് മാതൃവകുപ്പിലേയ്ക്ക് വിടുതൽ നൽകേണ്ടതാണ്. കോർപ്പറേഷൻ ജീവനക്കാർക്ക് നൽകുന്ന പെർഫോമെൻസ് ഇൻസെന്റീവ് /എക്സ്ഗ്രേഷ്യയ്ക്ക് ടി ജീവനക്കാർ അർഹരാകുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD M V
ജോയിന്റ് സെക്രട്ടറി

പകർപ്പ്:

1) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ. കെ.എസ്സ്.ബി.സി, ബെവ്കോ ടവർ, വികാസ് ഭവൻ പി.ഒ. പാളയം, തിരുവനന്തപുരം. .
2) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, ഗാന്ധിനഗർ, കൊച്ചി-20.
3) ബന്ധപ്പെട്ട ജീവനക്കാർ (കെ.എസ്സ്.ബി.സി മുഖാന്തിരം).
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
5) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള. തിരുവനന്തപുരം.
6) വെബ്ബ് ആന്റ് ന്യൂ മീഡിയ
7) ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (എ2/31/2024-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Premlal D
സെക്ഷൻ ഓഫീസർ
Date: 16-03-2024 11:27:37